

# മലങ്കര ഓർത്തഡോക്സ് ഹെറാൾഡ്

A WEEKLY PUBLICATION OF THE FAITH & CULTURE FELLOWSHIP DEVALOKAM KOTTAYAM 686038 KERALA-PHONE : 8234

വാല്യം 6 ലക്കം 32 1989 സെപ്റ്റംബർ 30 പഴഞ്ഞി സപ്ലിമെൻറ്




ആശംസ

പഴഞ്ഞി സെൻറ് മേരീസ് ഓർത്തഡോക്സ് പള്ളി ഇടവകാംഗങ്ങൾക്ക് വാഴ്വ്,

പ്രിയരെ,

പരിശുദ്ധ ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ ചരമ രജത ജൂബിലി ആഘോഷിക്കുന്ന ഈ വർഷം പഴഞ്ഞി പള്ളിയങ്കണത്തിൽ — ജൂബിലി സ്മാരകമായി ഒരു മണിമാളിക ഉയർത്തുന്നത് തികച്ചും സമുചിതമായി.

മുൻപ് കൊച്ചി ഭദ്രാസനം മലങ്കര മെത്രാപ്പോലീത്താ മാർ നേരിട്ട് ഭരിച്ചിട്ടുള്ളതുകൊണ്ട് പഴഞ്ഞി ഇടവകയുമായി ബാവാക്കുള്ള ബന്ധവും നമുക്കറിയാം. നിങ്ങളുടെ ഈ ശ്രമം സഭയോടുള്ള ഭക്തിയും ആദരവും വെളിപ്പെടുത്തുന്നു. മേലിലും അത് നിലനില്ക്കട്ടെ എന്ന് നാം ആശംസിക്കുന്നു.

സ്മാരകത്തിന്റെ നിർമ്മാണത്തിൽ മുൻകൈ എടുത്തവരെ നാം അനുമോദിക്കുന്നു.

ദൈവം അനുഗ്രഹിക്കട്ടെ!

# ഗീവറുഗീസ് ദ്വിതീയൻബാവായുടെ ചരമരജതജൂബിലിസ്മാരകം പഴഞ്ഞിയിൽ

സ്റ്റാഫ് എഡിറ്റർ

പഴഞ്ഞി: മലങ്കരയുടെ കാലം ചെയ്ത പരിശുദ്ധ ബസേലിയോസ് ദ്വിതീയൻ ബാവായുടെ ചരമരജത ജൂബിലി ആഘോഷവും ജൂബിലിസ്മാരകമായി നിർമ്മിച്ച മണിമാളികയുടെ ഉദ്ഘാടനവും ഒക്ടോബർ 1 ഞായറാഴ്ച പഴഞ്ഞി സെൻറ് മേരീസ് പള്ളിയിൽ നടത്തും.

ഞായറാഴ്ച രാവിലെ ശ്രേഷ്ഠനിയുക്ത കാതോലിക്കാ മാത്യൂസ് മാർ കൂറീലോസ് തിരുമനസ്സിലെ പ്രധാന കാർമ്മികത്വത്തിൽ വി. മൂന്നിന്മേൽ കുർബ്ബാന നടക്കും. ഭദ്രാസന മെത്രാപ്പോലീത്താ പൗലൂസ് മാർ മിലിത്തിയോസ് എപ്പിസ്കോപ്പാ, പള്ളിവികാരി ഫാ. സി. വി. ഏബ്രഹാം എന്നിവർ സഹകാർമ്മികരായിരിക്കും.



ചരമരജതജൂബലി സ്മാരകം മണിഗോപുരം

തുടർന്നു് നിയുക്ത കാതോലിക്കാ ജൂബിലി സ്മാരകമായി നിർമ്മിച്ച മണിമാളികയുടെ കൂദാശ നിർവഹിക്കും. ചടങ്ങിനുശേഷം മധുരം വിതരണം ചെയ്യും.

വൈകിട്ട് 5 മണിക്ക് ചേരുന്ന ചരമരജതജൂബിലി സമ്മേളനത്തിൽ പൗലൂസ് മാർ മിലിത്തിയോസ് എപ്പിസ്കോപ്പാ അദ്ധ്യക്ഷത വഹിക്കും.

സമ്മേളനം തൊഴിയൂർ സഭയുടെ ജോസഫ് മാർ കൂറീലോസ് ഉദ്ഘാടനം ചെയ്യും.

ജൂബിലി സ്മാരകമായി നിർമ്മിച്ച മണിമാളികയുടെ ഉദ്ഘാടനം ശ്രേഷ്ഠനിയുക്ത കാതോലിക്കാ നിർവഹിക്കും. ഉദ്ഘാടനച്ചടങ്ങിനു് ക്ഷണിച്ചുകൊണ്ടു് സംഘം പ്രസിഡൻറ് പി.വി. ജോബ് പ്രസംഗിക്കും. തുടർന്നു് നിയുക്തകാതോലിക്കാ സമ്മാനദാനം നിർവഹിക്കും.

ചടങ്ങിൽ മാർ അപ്രേം മെത്രാപ്പോലീത്താ, കെ. നാരായണൻ നമ്പൂതിരി എം.എൽ.എ, പഴഞ്ഞി എം ഡി കോളേജ് പ്രിൻസിപ്പൽ പ്രൊഫ. കെ.എം കുറിയാക്കോസ് എന്നിവർ ആശംസകൾ അർപ്പിക്കും.

സഹവികാരി ഫാ. ജോസഫ് കുററിക്കാട്ടിൽ സ്വാഗതവും വികാരി ഫാ. സി.വി ഏബ്രഹാം കൃതജ്ഞതയും പറയും.

ഒട്ടനവധി ജീവകാരുണ്യപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന പഴഞ്ഞിപള്ളിയിൽ

(ശേഷം 2-ാം പേജിൽ)



സ്മാരകോദ്ഘാടനം നിർവഹിക്കുന്ന ശ്രേഷ്ഠനിയുക്ത കാതോലിക്കാ മാത്യൂസ് മാർ കൂറിലോസ് മെത്രാപ്പോലീത്ത



കുന്നംകുളം ഭദ്രാസനമെത്രാപ്പോലിത്താ പൗലൂസ് മിലിത്തിയോസ് എപ്പിസ്കോപ്പാ.

# പഴഞ്ഞി സെൻറ് മേരീസ് പള്ളിയുടെ ചരിത്രസംഗ്രഹം

ഫാ. കെ. സി. ജോസഫ്

ആർത്താററ് പള്ളി ഇടവകക്കാരായ പഴഞ്ഞി നിവാസികളുടെ ആത്മീയ ആവശ്യങ്ങളുടെ നിർവ്വഹണത്തിനായി വി; ദൈവമാതാവിൻെറ നാമത്തിൽ ഒരു കുരിശുപള്ളി എ.ഡി. 1249 ൽ സ്ഥാപിക്കപ്പെട്ടു. ഈ ദേവാലയം പല തവണ പുതുക്കിപ്പണിയപ്പെട്ടിട്ടുണ്ടു്. ആർത്താററ് പള്ളിയിലെ പട്ടക്കാർതന്നെ ആദ്യകാലങ്ങളിൽ ഇവിടെയും വി. കൂദാശകൾ അനുഷ്ഠിച്ചുവന്നു. പാലംകുന്നത്തു് മാത്യൂസ് മാർ അത്താനാസ്യോസ് 1853 ൽ ഈ പള്ളിപറമ്പിൽ ശവമടക്ക് ആരംഭിച്ചു. കൂടെ കൂടെ ഈ ഇടവക സന്ദർശിച്ചുകൊണ്ടിരുന്ന പരുമല പ: ഗ്രീഗോറിയോസ് തിരുമേനിക്ക് പള്ളിപറമ്പിലുള്ള ശവപൊലിയിൽ ആളുകൾ നടക്കുന്നതു് ഇഷ്ടമായില്ല. എത്രയും വേഗം ഒരു ശവക്കോട്ട ഉണ്ടാക്കി ശവമടക്ക് നടത്തണമെന്നു് കല്പിച്ചു. അതനുസരിച്ച് പള്ളിയുടെ തെക്കുവശത്തു കിടക്കുന്ന 2 ഏക്കർ കാണഭൂമി വാങ്ങുകയും തോലത്തു് ചുമ്മാര് ഇയ്യുകുട്ടിയുടെ ശ്രമഫലമായി ചുററും മതിൽ കെട്ടി ഉറപ്പിക്കുകയും ചെയ്തു. അക്കാലത്തു് ജന്മഭൂമിയിൽ ശവം അടക്കുന്നതിന്നുമാത്രമേ അനുവാദം ലഭിച്ചിരുന്നുള്ളൂ. ശവക്കോട്ടക്ക് വാങ്ങിയ സ്ഥലം കാണഭൂമി ആയതിനാൽ പഴഞ്ഞി ഇടവകയിൽനിന്നു് തെററിപ്പിരിഞ്ഞ മാർത്തോമ്മക്കാർ ശവക്കോട്ട അനുവദിക്കുന്നതിനെ ശക്തിയായി എതിർത്തു. (മാർത്തോമ്മ ഇടവക ഉണ്ടാകുവാനുള്ള കാരണം അന്യത്ര) പഴഞ്ഞി പള്ളി ഇടവകക്കാരുടെ കൂട്ടായ പ്രവർത്തനഫലമായി. 1896ൽ പ്രസ്തുതസ്ഥലത്തു് പരുമല പ: ഗ്രീഗോറിയോസ് തിരുമേനിയാൽ ശവമടക്ക് ആരംഭിച്ചു. 120 സെല്ലുകളോടുകൂടിയ ആധുനിക രീതിയിലുള്ള പുതിയ കല്ലറ പണിതു് 1985

(ശേഷം 2-ാം പേജിൽ)



പി. വി. ജോബ്
സംഘംപ്രസിഡൻറ്



സി. സി. ശാമു
സംഘം സെക്രട്ടറി



കെ. പി. ഡേവിഡ്
സംഘം ട്രഷറർ

